# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-3443

14.10.2011-ൽ മറുപടി പറയേണ്ടിയിരുന്നത്

## വള്ളംകളി കായിക താരങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. കെ. സദാശിവൻ | ശ്രീ. കെ. ബി. ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സ്പോർട്സ് കൗൺസിൽ വള്ളംകളി കായിക ഇനമായി അംഗീകരിച്ചിട്ടും മറ്റ് കായിക താരങ്ങൾക്ക് ലഭിക്കുന്ന അംഗീകാരവും ആനുകൂല്യവും പ്രസ്തുത കായിക താരങ്ങൾക്ക് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) & (ബി) ഉണ്ട്. വള്ളംകളി കായിക ഇനമായി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച നിയമാവലി പ്രാബല്യത്തിൽ വന്നിട്ടില്ല; |
| (സി) മറ്റ് കായികതാരങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ വള്ളം കളിയിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്കുകൂടി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) വള്ളംകളിയുടെ നിയമാവലി പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്; |
| (ഡി) ഏതെല്ലാം ജില്ലകളിൽ ഏതൊക്കെ ജലോത്സവങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) വിവിധ ജില്ലകളിലെ ജലോത്സവങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. **തിരുവനന്തപുരം**<br>a. ചിറയിൻകീഴ് ജലോത്സവം<br>b. വെള്ളായണി അയ്യൻകാളി ജലോത്സവം<br><br>2. **കൊല്ലം**<br>a. പ്രസിഡന്റ് ട്രോഫി വള്ളംകളി<br>b. കല്ലട ജലോത്സവം<br>c. കരുനാഗപ്പള്ളി കന്നേറ്റി ജലോത്സവം<br><br>3. **ആലപ്പുഴ**<br>a. നെഹ്റു ട്രോഫി വള്ളംകളി<br>b. ചമ്പക്കുളം മൂലം വള്ളംകളി<br>c. കരുവാറ്റ ജലോത്സവം |

d. പായിപ്പാട് വള്ളംകളി

e. കുമാരനാശാൻ മെമ്മോറിയൽ വള്ളംകളി

f. രാജീവ് ഗാന്ധി വള്ളംകളി

g. കായംകുളം ജലോത്സവം

**4. <u>പത്തനംതിട്ട</u>**

a. ആറന്മുള ഉതൃട്ടാതി വള്ളംകളി

b. അയിരൂർ ജലോത്സവം

c. റാന്നി അവിട്ടം ജലോത്സവം

d. മാന്നാർ ജലോത്സവം

e. നീരേറ്റുപുറം വള്ളംകളി

**5. <u>കോട്ടയം</u>**

a. താഴത്തങ്ങാടി വള്ളംകളി

b. കുമരകം കവണാറ്റിൻകര വള്ളംകളി

c. ശ്രീനാരായണ വള്ളംകളി

d. കോട്ടയം വള്ളംകളി

**6. <u>തൃശ്ശൂർ</u>**

a. കോട്ടപ്പുറം വള്ളംകളി

b. പവറാട്ടി വള്ളംകളി

c. കണ്ടശ്ശാംകടവ് വള്ളംകളി

d. തൃപ്രയാർ വള്ളംകളി

**7. <u>മലപ്പുറം</u>**

പൊന്നാനി ബിയ്യം കായലിൽ നടക്കുന്ന മേജർ, മൈനർ എ, മൈനർ ബി, വിഭാഗങ്ങളിലെ ജലോത്സവ മത്സരം.

**8. <u>കാസർഗോഡ്</u>**

a. കാര്യംകോട് ജലോത്സവം

**9. <u>കോഴിക്കോട്</u>**

a. മലബാർ ഗോൾഡ് കപ്പ്

സെക്ഷൻ ഓഫീസർ